സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തുടങ്ങിയത് 1959-നു ശേഷമാണ്. 1959-ൽ പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ നിർദ്ദേശിച്ച ഡിസൈൻ അനുസരിച്ചുള്ള കരിങ്കൽ പുലിമുട്ടുകളുടെയും കടൽഭിത്തികളുടേയും നിർമ്മാണം ആരംഭിച്ചു. എന്നാൽ കടൽക്ഷോഭം ചെറുക്കുന്നതിന് പര്യാപ്തമായ അത് വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ നശിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ചില പ്രശ്നങ്ങളും ഇതിലുണ്ട്. മീൻപിടിത്തം പോലുള്ള പ്രശ്നങ്ങൾ ഉണ്ട് എന്നുള്ളത് ശരിയാണ്. പുലിമുട്ട് കേരള തീര സംരക്ഷണത്തിന് പറ്റിയതല്ല എന്നും തീരപ്രദേശത്തെ മണ്ണൊലിപ്പിന് ഇത് കാരണമാകുമെന്നും കണ്ടതിനെത്തുടർന്ന് പുലിമുട്ടു നിർമ്മാണം നിർത്തലാക്കാൻ നിർബന്ധിതരായി. അപ്രകാരം 1964-ൽ പുലിമുട്ടു നിർമ്മാണം നിർത്തലാക്കുകയും പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച് 1969 മുതൽ കടൽഭിത്തി നിർമ്മാണം നടത്തുകയും ചെയ്തു. ഇങ്ങനെ പുതിയ ഡിസൈൻ അനുസരിച്ച് നിർമ്മിച്ച കടൽഭിത്തിയുടെ പ്രവർത്തനം ഏതാണ്ട് തൃപ്തികരമായി അനുഭവപ്പെട്ടിട്ടുണ്ട്. 1969-നു മുമ്പ് നിർമ്മിച്ച കടൽഭിത്തികളെല്ലാം പൂർണ്ണമായും തകർന്നു കഴിഞ്ഞു. അവയുടെ പുനരുദ്ധാരണ പ്രവർത്തനവും നടത്തിവരുന്നുണ്ട്. എല്ലാ കടൽഭിത്തികളും വർഷാവർഷം മെയിന്റനൻസ് നടത്തിയാൽ മാത്രമേ ഫലവത്തായി നിലനിൽക്കുകയുള്ളൂ. ഇപ്പോൾ എറണാകുളം ജില്ലയിലെ ചെല്ലാനം ദ്വീപിൽ നിലവിലുള്ള കടൽഭിത്തിയുടെ സംരക്ഷണാർത്ഥം മൺസൂൺകാലത്ത് തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിനുവേണ്ടി മൂന്നു സ്ഥലങ്ങളിൽ, ആ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതിയ ഡിസൈനുകൾ അംഗീകരിച്ചുകൊണ്ട് പുലിമുട്ടു നിർമ്മാണം പരീക്ഷണാർത്ഥം നടത്തിവരുന്നുണ്ട്. ഇവ പ്രായോഗികമാണെന്ന് കണ്ടാൽ കടലാക്രമണ ഭീഷണി കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണം തുടരുന്നതാണ്.

(6) വാഴൂർ മണ്ഡലത്തിലെ വാകത്താനം നാലുന്നാക്കൽ കളമ്പാട്ടു ചിറത്തോട് ആഴം കൂട്ടുന്നതു സംബന്ധിച്ച്

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, ചങ്ങനാശ്ശേരി, പുതുപ്പള്ളി, വാഴൂർ എന്നീ നിയോജകമണ്ഡലങ്ങളെ സ്പർശിച്ചു കിടക്കുന്ന നിലമാണ് വാകത്താനം പാടം. ആ പാടത്തിനു നടുവെയുള്ള തോട് വളരെ ആഴമുള്ളതാണ്. ആ തോട്ടിൽ മണ്ണു വന്നു നിറഞ്ഞാൽ അത് മാറ്റിക്കളയാനുള്ള സാമ്പത്തിക മായ കഴിവ് കൃഷിക്കാർക്കില്ല. പലപ്പോഴും ആ തോട് മണ്ണ് വന്ന് മൂടുകയുണ്ടായിട്ടുണ്ട്. തോട് മൂടിക്കഴിഞ്ഞാൽ പാടത്തിൽ നിന്നും വെള്ളം ഒഴുക്കി വിടാൻ പ്രയാസമാണ്. ആ വെള്ളം ഒഴുക്കി വിട്ടില്ലെങ്കിൽ കൃഷി ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ പല സന്ദർഭങ്ങളിലും ആ ഭാഗത്തെ കൃഷി 6 മാസത്തെ കൃഷി നഷ്ടപ്പെടുകയാണു പതിവ്. പലപ്പോഴും ഡിപ്പാർട്ടുമെന്റിനോട് ഇത് സംബന്ധിച്ച് ആവലാതി പറയാറുണ്ടെങ്കിലും പ്രയോജനമൊന്നും ഉണ്ടാകാറില്ല. നാലുന്നാക്കൽ-കളമ്പാട്ടുചിറത്തോട് എന്നുപറയുന്നത് ഒരു വലിയ തോടാണ്. അത് നികന്നു കഴിഞ്ഞാൽ പാടത്തുനിന്ന് ആ തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കിക്കളയാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, കൃഷി ഉപേക്ഷിക്കുകയാണ് പതിവ്. ഈ ദുഃസ്ഥിതി മാറ്റണമെങ്കിൽ ആണ്ടിൽ, അല്ലെങ്കിൽ രണ്ടാണ്ട് കൂടുമ്പോഴെങ്കിലും ഈ ആഴമേറിയ തോട്ടിലെ മണ്ണ് മാറ്റേണ്ടതായിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് അതിന് മുൻകൈയെടുത്തെങ്കിൽ മാത്രമേ നടക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അത് പല പ്രാവശ്യം പരാതിയായി പറഞ്ഞിട്ടുണ്ടെങ്കിലും നടപ്പാക്കാതെ പോയതുകൊണ്ടാണ് ഇപ്പോൾ ഇവിടെ സബ്മിഷനായി അവതരിപ്പിക്കുന്നത്. ദയവായി വാകത്താനത്തെ നാലുന്നാക്കൽ-കളമ്പാട്ടുചിറ തോട്ടിലെ മണ്ണ് മാറ്റി ക്കളഞ്ഞ് ആ ഭാഗത്തുള്ള കർഷകരെ സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, വാഴൂർ നിയോജകമണ്ഡലത്തിലെ നാലുന്നാക്കൽ-കളമ്പാട്ടുചി റത്തോടിന് ഏകദേശം 5 കി.മീ നീളമുണ്ട്. 5 വർഷങ്ങൾക്കുമുമ്പ് അന്നത്തെ തോടിന്റെ തറ നിരപ്പ് അനുസരിച്ച് പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചിരുന്നു. വഞ്ചിയിലൂടെയുള്ള ഗതാഗതം ഈ തോട്ടിൽ മുമ്പുണ്ടായിരുന്നു. മണ്ണൊലിപ്പു മൂലം തോടിന്റെ ആഴം ഒരു മീറ്ററോളം കുറയുകയും വർഷകാലത്ത് വെള്ള പ്പൊക്കം ഉണ്ടാകുമ്പോൾ തോട് കരകവിഞ്ഞ് ഒഴുകുകയും കൃഷിനാശം ഉണ്ടാകുകയും വേനൽക്കാലത്ത് വെള്ളം വറ്റി പോകുകയും വർദ്ധിച്ച വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. തോട് ഒരു മീറ്ററോളം താഴ്ത്തുകയാണെ ങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. അതിലേയ്ക്ക് ഉദ്ദേശം 5 ലക്ഷം രൂപ വേണ്ടിവരും. ഇതു സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണി നടത്തുന്നതാണ്.

(7) അസോസിയേഷൻ ഓഫ് ആട്ടോമൊബൈൽ വർക്ക്ഷോപ്സ്, കേരള സമർപ്പിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സംസ്ഥാനത്തെ 38,000 ആട്ടോമൊ ബൈൽ വർക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന 5 ലക്ഷത്തോളം തൊഴിലാളി കൾക്ക് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും മറ്റും ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവരുടെ ഏക സംഘടനയായ അസോസിയേഷൻ ഓഫ് ആട്ടോമൊബൈൽ വർക്ക്ഷോപ്സ്, കേരള സർക്കാരിന് സമർപ്പിച്ചി ട്ടുള്ള മെമ്മോറാണ്ടത്തിലെ 10 ഇന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അടിയ ന്തിര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ആട്ടോമൊബൈൽ വർക്ഷോപ്സ് കേരള ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതിനു മാത്രമാണ് ഞാൻ മറുപടി പറ യാൻ ശ്രമിക്കുന്നത്. പ്രത്യേകമായി ആരംഭിച്ച പല ക്ഷേമനിധി ബോർഡുക ളിലും സമാഹരിക്കപ്പെടുന്ന അംശദായംകൊണ്ട് അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പോലും നടത്തികൊണ്ടുപോകാൻ കഴിയാതെ വന്നിട്ടുള്ള സാഹ ചര്യത്തിൽ സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരും മറ്റ് ചെറിയ ജോലികളിൽ നിയോഗിക്കപ്പെടുന്നവരുമായ എല്ലാ വിഭാഗം തൊഴിലാളി കൾക്കും വേണ്ടി ഇപ്പോൾ നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമനിധി പദ്ധതിവഴി പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതനുസരിച്ച് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴി ലാളി പദ്ധതിയിൽ കൊല്ലൻ, സ്വർണ്ണപ്പണിക്കാരൻ മൂശാരി ഇവർക്കു പുറമെ ഫോട്ടോഗ്രാഫർമാർ, മൺപാത്ര നിർമ്മാണത്തൊഴിലാളികൾ, വർക്ക്ഷോപ്പ് തൊഴിലാളികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഇപ്പോൾ നിലവിലുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly